# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1751** **22-03-2012-ൽ മറുപടിയ്ക്ക്**

### ട്രാഫിക് നിയമ ലംഘനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.കെ. ബഷീർ:<br>ശ്രീ. സി. മമ്മൂട്ടി: | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | വാഹനങ്ങളുടെ അമിത വേഗത, ട്രാഫിക് നിയമ ലംഘനങ്ങൾ എന്നിവ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കുമോ; | (എ) | വാഹനങ്ങളുടെ അമിത വേഗത, ട്രാഫിക് നിയമലംഘനങ്ങൾ എന്നിവ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പോലീസ് വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ അനുബന്ധം I-ൽ കാണാവുന്നതാണ്. |
| (ബി) | ഇതിനായി സംസ്ഥാനത്താകെ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഏതൊക്കെ പോയിന്റുകളിലാണ് അവ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി എന്നീ നഗരങ്ങളിലെ എല്ലാ പ്രധാനപ്പെട്ട കവലകളിലും ജനതിരക്കേറിയ വീഥികളിലും നിരീക്ഷണ ക്യാമറ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ ക്യാമറകളുടെ തുടർച്ചയായ പ്രവർത്തനം ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ; | (സി) | നിരീക്ഷണ ക്യാമറകളുടെ പ്രവർത്തനം തടസ്സപ്പെടുമ്പോൾ അറ്റകുറ്റപണികൾ നടത്തി വരുന്നത് കെൽട്രോണാണ്. നിരീക്ഷണ ക്യാമറകൾക്ക് ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ യഥാസമയം തന്നെ പരിഹരിച്ച് തുടർച്ചയായ പ്രവർത്തനം ഉറപ്പാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിയമലംഘകർക്ക് സഹായകരമായ വിധം നിരീക്ഷണ സംവിധാനം കേടുവരുത്തുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | തിരുവനന്തപുരം നഗരത്തിൽ ഇത്തരത്തിൽ ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; വി.ജെ.ടി ഹാളിന് മുൻവശമുള്ള ക്യാമറ എസ്.എഫ്.ഐ, ഡി.വൈ.എഫ്.ഐ പ്രവർത്തകർ കേടുപാടുകൾ വരുത്തിയതിലേയ്ക്ക് കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം. നം. 242/11 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത ക്യാമറ ഇപ്പോൾ പ്രവർത്തനക്ഷമമാണ്. |
| (ഇ) | നിരീക്ഷണ ക്യാമറകളിലൂടെ കണ്ടെത്തിയ നിയമലംഘനങ്ങൾക്കെതിരെ 2011 ഏപ്രിൽ മുതൽ ഡിസംബർ വരെ പ്രതിമാസം എത്രയെണ്ണത്തിൽ വീതം നടപടി സ്വീകരിച്ചു എന്നതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ? | (ഇ) | ആകെ 23420 നിയമലംഘനങ്ങൾ നിരീക്ഷണ ക്യാമറകളുടെ സഹായത്തോടെ പ്രസ്തുത കാലയളവിൽ കണ്ടെത്തുകയും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

## വാഹനങ്ങളുടെ അമിതവേഗത, ട്രാഫിക് നിയമലംഘനങ്ങൾ എന്നിവ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ

വാഹനങ്ങളുടെ അമിതവേഗത, ട്രാഫിക് നിയമലംഘനങ്ങൾ എന്നിവ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി തീവ്രമായ വാഹന പരിശോധനകളും മറ്റ് നടപടികളും പോലീസ് കൈക്കൊണ്ട് വരുന്നു. ഹൈവേയിൽ അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി വിവിധ സംഘടനകളുടെ സജീവ പങ്കാളിത്തത്തോടെ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികളും ഹൈവേ ഓരങ്ങളിൽ സ്ഥിതി ചെയ്യുന്ന സ്കൂളുകളിൽ റോഡ് സേഫ്റ്റി ക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ട്. ഇത്തരം ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ റോഡ് സുരക്ഷാ ക്ലാസ്സുകൾ ഹൈവേ പോലീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു. വിവിധ ജില്ലകളിൽ ട്രാഫിക് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് മൊബൈൽ ട്രാഫിക് എഡ്യൂക്കേഷൻ പാർക്ക് നിർമ്മിക്കുകയും അവ, സ്കൂളുകൾ/ജംഗ്ഷനുകൾ എന്നിവ കേന്ദ്രീകരിച്ച് പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. സ്കൂൾ പരിസരങ്ങളിൽ വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി സ്കൂളുകൾക്ക് മുന്നിൽ വേഗപരിധി ബോർഡുകൾ സ്ഥാപിക്കുന്നതിനും പെലിക്കൺ ക്രോസിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ എടുത്തിട്ടുണ്ട്. റോഡപകടങ്ങളിൽ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പാരിതോഷികം നൽകിവരുന്നു. റോഡ് സുരക്ഷാ ക്ലാസ്സുകൾ, ചോദ്യോത്തര പരിപാടികൾ, ഫോട്ടോ പ്രദർശനം, ലഘുനാടകം എന്നിവ സ്കൂളുകളിൽ സംഘടിപ്പിച്ചും ട്രാഫിക് നിയമങ്ങൾ അച്ചടിച്ച ലഘു ലേഖകൾ, പുസ്തകങ്ങൾ തുടങ്ങിയവ വിതരണം ചെയ്തും ജനങ്ങളിൽ ബോധവത്കരണം നടത്തി വരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെ ട്രാഫിക് ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. കൂടുതൽ ഫലപ്രദമായ ട്രാഫിക് എൻഫോഴ്സ്മെന്റ് നടപ്പിലാക്കുവാനായി ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങി എല്ലാ ജില്ലകൾക്കും നൽകുകയും അവയുടെ

അപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ റദ്ദാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതു കൂടാതെ താഴെപ്പറയുന്ന കുറ്റകൃത്യങ്ങളെ പ്രധാനമായും തടയുന്നതിലേക്കായും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സ്കൂൾ പരിസരങ്ങളിൽ വേഗപരിധി ലംഘിച്ച് ഓടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം.
2. ഹെൽമറ്റ് ധരിക്കാതെയും, അമിതവേഗതയിലും, അലക്ഷ്യമായും വാഹനം ഓടിക്കുന്നത് തടയുവാനുള്ള നിർദ്ദേശം.
3. സൂചനാ ലൈറ്റുകൾ പ്രകാശിപ്പിക്കാതെ വാഹനങ്ങൾ ഓടിക്കുന്നവർക്കെതിരെ നടപടി എടുക്കുന്നതിനുള്ള നിർദ്ദേശം.
4. രാത്രികാലങ്ങളിൽ ഹെഡ്ലൈറ്റുകൾ ഡിം ചെയ്യാതെ വാഹനം ഓടിക്കുന്നത് തടയുവാനുള്ള നിർദ്ദേശം.
5. ഇരു ചക്ര വാഹനയാത്രക്കാർ ഹെൽമറ്റ് നിർബന്ധമായും ധരിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനുള്ള നിർദ്ദേശം.

ഇവയ്ക്കു പുറമെ മോട്ടോർ വാഹന നിയമ ലംഘനം കണ്ടുപിടിക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥർ കർശന വാഹന പരിശോധനയും നടത്തി വരുന്നു.